# 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

1006/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| റിപ്പോർട്ട് | .. | vii |
| വിയോജനക്കുറിപ്പ് | .. | ix |
| സമിതി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 1 |

# സബ്ജക്ട് കമ്മിറ്റി IX
## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)
## (2016 -2018)

### ഘടന

ചെയർമാൻ :

ഡോ. കെ. ടി. ജലീൽ,
തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം:

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. അനിൽ അക്കര
ശ്രീ. കെ. ആൻസലൻ
ശ്രീ. കെ. ബാബു
ശ്രീ. കെ. എസ്. ശബരീനാഥൻ
ശ്രീ. പി. ഉബൈദുള്ള
ശ്രീ. പി. വി. അൻവർ
ശ്രീ. ഇ. കെ. വിജയൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി
ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

# 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്)

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയച്ച 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ (ബിൽ നമ്പർ 135), സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്റ്റ് കമ്മിറ്റിയുടെ റിപ്പോർട്ടും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2018 മേയ് 26-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2018 ജൂൺ 4-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസംതന്നെ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2018 ജൂൺ 7-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി IX.*

തിരുവനന്തപുരം,
2018 ജൂൺ 7.

## വിയോജനക്കുറിപ്പ്

2017 ജൂലൈ 31-ാം തീയതിക്ക് മുമ്പ് അനധികൃതമായി കെട്ടിടനിർമ്മാണമോ, കൂട്ടിച്ചേർക്കലോ, പുനർനിർമ്മാണമോ നടത്തിയിട്ടുണ്ടെങ്കിൽ രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് അപ്രകാരമുള്ള കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നതിന് കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതി അനധികൃത കെട്ടിടനിർമ്മാണങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും, നിയമലംഘകർക്ക് സംരക്ഷണം നൽകുന്നതുമാകയാൽ ഈ നിർദ്ദേശത്തോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

| | |
|---|---|
| മഞ്ഞളാംകുഴി അലി | (ഒപ്പ്) |
| അനിൽ അക്കര | (ഒപ്പ്) |
| കെ. എസ്. ശബരീനാഥൻ | (ഒപ്പ്) |
| പി. ഉബൈദുള്ള | (ഒപ്പ്) |

1006/2018.

# 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്

വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഡിസംബർ 16-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 407-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 407-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ,—

(എ) "2013 മാർച്ച് 31-ാം തീയതിയോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം, "2017 ജൂലൈ 31-ാം തീയതിയോ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(ബി) "കെട്ടിട നിർമ്മാണമോ" എന്ന വാക്കുകൾക്ക് ശേഷം, "കൂട്ടിച്ചേർക്കലുകളോ പുനർനിർമ്മാണമോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) "സർക്കാരിന്" എന്ന വാക്കിന് പകരം "ജില്ലാ ടൗൺ പ്ലാനർ, റീജിയണൽ ജോയിന്റ് ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന സമിതിയ്ക്ക്" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ഡി) രണ്ടാം ക്ലിപ്തനിബന്ധനയിലെ "കെട്ടിട നിർമ്മാണവും" എന്ന വാക്കുകൾക്ക് പകരം "കെട്ടിട നിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ പുനർനിർമ്മാണമോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (2)-ാം ഉപവകുപ്പിന് ശേഷമുള്ള വിശദീകരണത്തിലെ "നിർമ്മാണമോ" എന്ന വാക്കിന് ശേഷം "കെട്ടിട നിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ പുനർനിർമ്മാണമോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2018-ലെ 31) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2018 ജൂൺ 7.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*